**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5956** **16-03-2023 - ൽ മറുപടിയ്ക്ക്**

**കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പൊതുമാർക്കറ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിന്നും എട്ട് സെന്റ് ഭൂമി വിട്ടു കൊടുക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തിരുവനന്തപുരം ഡി.ഡി.പി. ഓഫീസിൽ സമർപ്പിച്ചിട്ടുള്ള ഫയലിന്റെ (ഫയൽ നമ്പർ എ 2-1/18, തീയതി 13/10/2021, അരുവിക്കര ജി.പി.) ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അരുവിക്കര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ച അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.09.2021 തീയതിയിലെ A2-1/2018 നമ്പർ കത്ത് പ്രകാരമുള്ള അപേക്ഷയും അനുബന്ധരേഖകളും, അപാകതകൾ പരിഹരിച്ച് ഡെപ്യൂട്ടി ഡയറക്ടർ 20.12.2021 തീയതിയിൽ തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർക്ക് നല്കുകയുണ്ടായി.<br><br>തുടർന്ന് പ്രസ്തുത എട്ട് സെന്റ് ഭൂമി കെ.എസ്.ഇ.ബി.-യ്ക്ക് വിട്ടുനല്കാവുന്നതാണെന്ന ശുപാർശയോടെ, അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും, അനുബന്ധ രേഖകളും 29.08.2022 തീയതിയിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം കരട് വിജ്ഞാപനവും ഭൂമി ആർജ്ജിച്ചത് സംബന്ധിച്ചുള്ള രേഖകളും, വിവരങ്ങളും ലഭ്യമാക്കുകയുണ്ടായില്ല. നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അറിയിക്കാമോ? | (ബി) | പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ